MALAYALA MANORAMA
15.01.2018

# കാർഷിക പ്രദർശന മേള സമാപിച്ചു

വടക്കാഞ്ചേരി ● കേരളകാർഷിക സർവകലാശാല ഹോർട്ടികൾച്ചർ കോളജിലെ നാലാം വർഷ വിദ്യാർഥികൾ നഗരസഭയുടെ സഹകരണത്തോടെ നടത്തിയ കാർഷിക പ്രദർശനമേള സമാപിച്ചു. സമാപന സമ്മേളനം മന്ത്രി എ.സി.മൊയ്തീൻ ഉദ്ഘാടനം ചെയ്തു. നഗരസഭ അധ്യക്ഷ ശിവപ്രിയ സന്തോഷ് അധ്യക്ഷത വഹിച്ചു. നഗരസഭ ഉപാധ്യക്ഷൻ എം.ആർ.അനൂപി കിഷോർ, സ്ഥിരം സമിതി അധ്യക്ഷരായ എം.ആർ.സോമനാരായണൻ, ലൈല നസീർ, എൻ.കെ. പ്രമോദ്കുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്.ബസന്ത്‌ലാൽ, ഹോർട്ടികൾച്ചർ കോളജ് അസി. ഡീൻ ഡോ. സി .ജോർജ് തോമസ്, ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ ഡോ. ജിജു പി.അലക്സ്, ഡോ. ജയശ്രീ കൃഷ്ണൻകുട്ടി, ഷിനു തോമസ് എന്നിവർ പ്രസംഗിച്ചു. 'പുനർജനി' സഹവാസ ക്യാംപിന്റെ ഭാഗമായാണു മേള സംഘടിപ്പിച്ചത്. സഹവാസ ക്യാംപിന്റെ ഭാഗമായി വിദ്യാർഥികൾ നടത്തിയ വടക്കാഞ്ചേരി പുഴ സംരക്ഷണ സർവേയുടെ പഠന റിപ്പോർട്ട് മന്ത്രി എ.സി.മൊയ്തീനു കൈമാറി.